ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹഡ്കോയ്ക്ക് അടയ്ക്കുവാനുള്ള കടബാദ്ധ്യതയിൽ 802.41 കോടി രൂപ നൽകി ഭവനനിർമ്മാണബോർഡിനെ ഋണവിമുക്തമാക്കിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ പ്രതിസന്ധി**

**5 (*635)** ശ്രീ. ബി. സത്യൻ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഗുരുതരമായ പ്രതിസന്ധിയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിസന്ധിയുടെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ടൈറ്റാനിയം ഡയോക്സൈഡിന് ആഭ്യന്തര മാർക്കറ്റിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനാധാരമായ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) കമ്പനിയുടെ മികച്ച ഋണനിലവാരം പുലർത്തിയിരുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ ഋണനിലവാരം ഇപ്പോൾ പിറകോട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഉൽപ്പാദിപ്പിക്കുന്ന അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോളതലത്തിലുള്ള വിലയിടിവും അനാരോഗ്യകരമായ ഇറക്കുമതിയും കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. പ്രധാനമായും ചൈന, കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് ടൈറ്റാനിയം ഡയോക്സൈഡ് കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നത് ആഭ്യന്തര

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റിൽ ഉൽപ്പന്നത്തിന്റെ വിലയിടിയുവാൻ കാരണമായിട്ടുണ്ട്. ഈ വിലയിടിവ് കാരണം ഉൽപ്പാദന ചിലവിന് ആനുപാതികമായി വില ലഭിക്കാതെ പ്രവർത്തന നഷ്ടം ഉണ്ടാക്കുന്നത് കമ്പനിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അനാരോഗ്യകരമായ ഇറക്കുമതി റൂട്ടയിൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെയും വില കുറയുവാൻ കാരണമായിട്ടുണ്ട്. ഈ വിലക്കുറവ് റൂട്ടയിൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉപഭോഗം കൂട്ടുന്നതിനും അതുവഴി ആഭ്യന്തര വിപണിയിൽ അനറ്റേസ് ഗ്രേഡിന്റെ ആവശ്യകത കുറയുന്നതിനും കാരണമായിട്ടുണ്ട്. കമ്പനിയുടെ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ഈ സാമ്പത്തിക വർഷം (2015-16) 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഉൽപ്പാദിപ്പിക്കുന്ന അനറ്റേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് വിപണിയിൽ ഉന്നത നിലവാരം പുലർത്തുന്ന ഉൽപ്പന്നമാണ്. നിലവിലെ പ്രതിസന്ധിയിലും ഉൽപ്പന്നത്തിന്റെ മികച്ച ഗുണനിലവാരമാണ് കമ്പനിയുടെ മുഖമുദ്ര.

**കാർഷിക മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ സഹായം**

**6 (*636)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ കാർഷിക മേഖലയുടെ പുനരുജ്ജീവന നടപടികൾക്ക് നൽകുന്ന സഹായം സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) കാർഷിക മേഖലയ്ക്ക് നൽകുന്ന വായ്പയുടെ തോത് മൊത്തം അനുവദിച്ച വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) വായ്പാ കുടിശ്ശികയുടെ കാര്യത്തിൽ കാർഷിക മേഖലയുടെയും ഇതര മേഖലകളുടെയും പങ്ക് എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly